# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# പൊയ്യ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2021-2022**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**തൃശ്ശൂർ – 680020**

**ഇ-മെയിൽ: dotsr.ksad@kerala.gov.in**
**ഫോൺ : 0487-2331249**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(പി .12/317/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 17/04/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പൊയ്യ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പൊയ്യ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൊയ്യ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(പി .12/317/2023 തീയ്യതി: 17/04/2023

## തൃശൂർ ജില്ലയിലെ പൊയ്യ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശൂർ ജില്ലയിലെ പൊയ്യ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2022 മുതൽ 16-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സതീശൻ.എൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 17-02-2023 | 25-02-2023 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-02-2023 | 25-02-2023 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. നിർമ്മൽ കെ. ജി, ഓഡിറ്റ് ഓഫീസർ
ശ്രീ. സലീഷ് എം. ജി, അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി സുമിത ടി. എസ്, അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി ധന്യ ദിലീപ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ഡെയ്സി തോമസ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| അനിത കെ സി | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഷബനാസ് പടിയത്ത് | കൃഷി ഓഫീസർ | 01-04-2021 | 07-05-2021 |
| സിമ്മി സി കെ | കൃഷി ഓഫീസർ | 08-05-2021 | 05-10-2021 |
| സിമി കെ എസ് | കൃഷി ഓഫീസർ | 05-10-2021 | 31-03-2022 |
| അഞ്ജു കൃഷ്ണൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഡോ. ബോബിൻ പോൾ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ.നമിത എസ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2021 | 30-04-2021 |
| ഡോ.അനീഷ പി ജെ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-05-2021 | 26-12-2021 |
| ഡോ.നമിത എസ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 27-12-2021 | 31-03-2022 |
| ഡോ.സിനി സി ചന്ദ്രൻ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2021 | 31-03-2022 |
| ഡോ.രാഖി രാജൻ | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| സുജൻ പി കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| നിഷ സി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ജോയ് എം. ജെ | വി.ഇ.ഒ, മാള പള്ളിപ്പുറം സർക്കിൾ | 01-04-2021 | 06-09-2021 |
| സുനജ് കുമാർ ടി. എച്ച് | വി.ഇ.ഒ, മാള പള്ളിപ്പുറം സർക്കിൾ | 07-09-2021 | 08-10-2021 |
| രോഷ്നി അരവിന്ദ് | വി.ഇ.ഒ, മാള പള്ളിപ്പുറം സർക്കിൾ | 09-10-2021 | 31-03-2022 |
| സുനജ് കുമാർ ടി. എച്ച് | വി.ഇ.ഒ (പൊയ്യ സർക്കിൾ) | 01-04-2021 | 07-11-2021 |
| നിഖിൽ പി വി | വി.ഇ.ഒ (പൊയ്യ സർക്കിൾ) | 08-11-2021 | 31-03-2022 |
| സുമ | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-04-2021 | 16-11-2021 |
| ഫ്രാൻസി സി ടി | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 17-11-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-10-1 |
| 11 | വസ്തു നികുതി-റെസിഡെൻഷ്യൽ (തൻവർഷം-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-10-2 |
| 12 | വസ്തു നികുതി-നോൺ റെസിഡെൻഷ്യൽ (തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-10-3 |
| 13 | വസ്തു നികുതി-റെസിഡെൻഷ്യൽ (കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-10-4 |
| 14 | വസ്തു നികുതി-നോൺ റെസിഡെൻഷ്യൽ (കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-10-5 |
| 15 | ലൈബ്രറി സെസ്സ്-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-10-6 |
| 16 | വസ്തു നികുതി മുൻകൂർ-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-10-7 |
| 17 | വസ്തു നികുതി-യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല | 1-10-8 |
| 18 | ലഭിക്കാനുള്ള ലൈബ്രറി സെസ്സ് കൃത്യമായി കണക്കാക്കപ്പെടുന്നില്ല | 1-10-9 |
| 19 | വാർഷിക കണക്ക് പരിശോധന | 1-10 |
| 20 | അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് പ്രതിമാസ ഡിമാന്റ് രേഖപ്പെടുത്തുന്നില്ല | 1-10-10 |
| 21 | വരവിനങ്ങളുടെ രജിസ്റ്റർ-മാസാന്ത്യ പൊരുത്തപ്പെടുത്തലുകൾ നടത്തുന്നില്ല | 1-10-11 |
| 22 | വരവിനങ്ങളുടെ മുൻകൂർ രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-10-12 |
| 23 | Prior Period-വൗച്ചറുകൾ സൂക്ഷിക്കുന്നില്ല | 1-10-13 |
| 24 | ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ-വൗച്ചറുകൾ സൂക്ഷിക്കുന്നില്ല | 1-10-14 |
| 25 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-10-15 |
| 26 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-10-16 |
| 27 | ഡിപ്രിയിസേഷൻ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല | 1-10-17 |
| 28 | ഡിപ്രിയിസേഷൻ-അതാത് ആസ്തികളുടെ ശീർഷകങ്ങളുടെയോ ആസ്തികളുടെ ഗണത്തിനനുസരിച്ചോ (Block Of Assets) പുനഃക്രമീകരിച്ചിട്ടില്ല | 1-10-18 |
| 29 | ഡെപ്പോസിറ്റ് രജിസ്റ്റർ-അപാകതകൾ പരിഹരിക്കേണ്ടതാണ് | 1-10-19 |
| 30 | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് : അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല | 1-10-20 |
| 31 | ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യകോദ്ദേശ്യ ബാങ്ക് | 1-10-21 |

| | | |
|---|---|---|
| | അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി-4 ൽ കാണുന്നില്ല | |
| 32 | “Directly Credited By Bank” എന്ന ഇനത്തിൽ 38750/- രൂപ ഉൾപ്പെടുത്തി റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നു | 1-10-22 |
| 33 | “Cheques Deposited But Not Credited” ആയി ഉൾപ്പെടുത്തിയി ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്തിട്ടില്ല | 1-10-23 |
| 34 | Cheques Issued But Not Presented Into Bank:ചെക്ക് നൽകി മാസങ്ങൾ കഴിഞ്ഞിട്ടും ക്യാഷ് ചെയ്തിട്ടില്ല | 1-10-24 |
| 35 | അഡ്വാൻസ് രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ല | 1-10-25 |
| 36 | രസീതി പരിശോധന-അപാകതകൾ | 1-11 |
| 37 | തൊഴിൽനികുതി -അപാകതകൾ | 1-12 |
| 38 | ലൈസൻസ് | 1-13 |
| 39 | ലൈവ്സ്റ്റോക്ക് ഫാം ലൈസൻസ് ഉറപ്പാക്കേണ്ടതാണ് | 1-14 |
| 40 | റെഗുലറൈസേഷൻ ഫീ-വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-15 |
| 41 | വസ്തുനികുതി പുനപരിശോധിക്കേണ്ടതാണ് | 1-16 |
| 42 | തുടർനടപടികൾ അറിയിക്കേണ്ടതാണ് | 1-17 |
| 43 | ആർ.ഡി.ഒ ഉത്തരവ് പാലിക്കാതെ കെട്ടിടത്തിന്റെ നികുതി നിർണയിച്ചു | 1-18 |
| 44 | മഴക്കാല പൂർവ്വ ശുചീകരണം-നടപ്പിലാക്കാത്ത പ്രവൃത്തികൾക്ക് തുക നൽകി | 1-19 |
| 45 | അങ്കണവാടികൾക്ക് ഏകീകൃത നെയിംബോർഡ് സ്ഥാപിക്കാൻ തുക ലഭ്യമായിരിക്കെ നെയിംബോർഡ് പോളിഷ് ചെയ്യാൻ തുക നൽകി | 1-20 |
| 46 | പകൽ വീട് പ്രവർത്തിക്കുന്നില്ല | 1-21 |
| 47 | ഭിന്ന ശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ്-അനുമതി വാങ്ങാതെ സ്പിൽഓവർ പദ്ധതി നടപ്പിലാക്കി | 1-22 |
| 48 | ഹോമിയോ മരുന്ന് വാങ്ങൽ-നോൺഅവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനു മുമ്പ് മരുന്ന് വാങ്ങി | 1-23 |
| 49 | ഔഷധിയിൽ നിന്ന് മരുന്ന് വാങ്ങൽ-ഇൻവോയ്സ് തീയതിക്കു ശേഷം നിർമ്മാണത്തീയതി രേഖപ്പെടുത്തിയിരിക്കുന്നു | 1-24 |
| 50 | ക്യാൻ തൃശ്ശൂർ വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യപത്രം ഇല്ല | 1-25 |
| 51 | പലിയേറ്റീവ് കെയർ മരുന്ന് ലഭ്യമായിട്ടില്ല | 1-26 |
| 52 | കന്നുകുട്ടിപരിപാലനപദ്ധതി-വിനിയോഗിക്കാത്ത തുക തിരികെ ലഭിയ്ക്കാൻ നടപടി സ്വീകരിയ്ക്കേണ്ടതാണ് | 1-27 |
| 53 | ജലനിധി കടിശ്ശിക 11718358/- രൂപ | 1-28 |
| 54 | വയോജനങ്ങൾക്ക് കട്ടിൽ-ഇൻവോയ്സിൽ ജി.എസ്.ടി തുക രേഖപ്പെടുത്തിയിട്ടില്ല | 1-29 |
| 55 | എസ്.സി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ്-അപാകതകൾ | 1-30 |
| 56 | വിശപ്പ് രഹിത കേരളം ജനകീയ ഹോട്ടൽ-ബില്ല് ഹാജരാക്കാതെ വൈദ്യുതിചാർജിനത്തിൽ തുക അനുവദിച്ചു | 1-31 |
| 57 | വീട്ട് വളപ്പിൽ കുളങ്ങളിലെ മത്സ്യക്കൃഷി പദ്ധതി-സബ്സിഡി അനുവദിയ്ക്കുന്നതിന് ആധാരമായ ചെലവുകളുടെ കൃത്യത ഉറപ്പ് വരുത്തിയിട്ടില്ല | 1-32 |
| 58 | ക്യാഷ് ബുക്ക് എഴുതിയിട്ടില്ല | 1-33 |
| 59 | കമ്പ്യൂട്ടറുകൾ വാങ്ങൽ -അപാകതകൾ | 1-34 |
| 60 | ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണം | 1-35 |

| | | |
|---|---|---|
| 61 | സെക്രട്ടറി നടപ്പാക്കിയ പ്രോജക്റ്റുകൾ -വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-36 |
| 62 | തൊഴിലുറപ്പ് പദ്ധതി ഏറ്റെടുക്കുന്ന പദ്ധതികൾ ഗ്രാമീണ മേഖലയിലെ അവിദഗ്ധ തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നതാണെന്ന് ഉറപ്പു വരുത്തേണ്ടതാണ് | 1-37 |
| 63 | ടേക്ക് എ.ബ്രേക്ക് കെട്ടിടം-നെയിം ബോർഡുകൾ ഇല്ല. കെട്ടിടം ശ്രദ്ധിക്കപ്പെടാത്ത നിലയിൽ | 1-38 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 17.02.2021, തീരുമാനം നം.1/1 | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 712057142 | 163080000 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 21.03.2022 തീരുമാനം നം. 1(1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 162193799 | 143392366 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 27.07.2022 |
| തിരിച്ചയച്ചതിനുശേഷം വീണ്ടും സമർപ്പിച്ച തീയതി | 02.12.2022 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)

(സംക്ഷിപ്ത വിവരം)

| - | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 34033841.00 |
| ഓഡിറ്റ് വർഷത്തെ വരവ് | 76378170.00 |
| ആകെ | 110412011.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 78111088.00 |
| നീക്കിയിരിപ്പ് | 32300923.00 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 14523000 | 14523000 | 14523000 | 00 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 6504989 | 6504989 | 6225000 | 279989 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 00 | 00 | 0 | 00 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 8310548 | 8310548 | 8211793 | 98755 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 4959948 | 4959948 | 4363497 | 596451 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Basic) (ACR പ്രകാരം) | 0 | 3980835 | 3980835 | 3587100 | 393735 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) (ACR പ്രകാരം) | 0 | 7825502 | 7825502 | 6317451 | 1508051 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പിലാക്കിയ പദ്ധതിത്തുകയുടെ ശതമാനം | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 165 | 89244276 | 137 | 55385570 | 62 | 83 |

## 1-6 തൊഴിലുറപ്പ് പദ്ധതി

വാർഷിക കണക്കുമായി പൊരുത്തമില്ല. പഞ്ചായത്ത് ലഭ്യമാക്കിയ കണക്കാണ് ഖണ്ഡികയിൽ ചേർത്തിരിക്കുന്നത്.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 533186 | 533186 | 533186 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 18404998 | 18404998 | 18404998 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 6045800 | 362 |
| വിധവാ പെൻഷൻ | 14132000 | 890 |
| വാർദ്ധക്യകാലപെൻഷൻ | 31238600 | 2145 |
| വികലാംഗ പെൻഷൻ | 3376400 | 215 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1380400 | 84 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 0 | 0 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17-02-2023 തീയതിയിൽ 3:20 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 17656/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ പരിശോധനയുടെ ഭാഗമായി കണ്ട അപാകതകൾ ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-10-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)).

## 1-10-2 വസ്തു നികുതി-റെസിഡെൻഷ്യൽ (തൻവർഷം-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS-ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം

തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS-ലെ ഫിനാൻസ് മൊഡ്യൂൾ"-ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

**റെസിഡൻഷ്യൽ (തൻവർഷം)**

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2210835 | 2205486 | 9398 | 4383 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2210835 | 2200002 | 2602 | * 1463 |
| | (ഇൻകം & എക്സdപെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *(1536/105X100)= 1463) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1. മുൻകൂർ തുക ക്രമീകരിച്ചത് പൊരുത്തപ്പെടുന്നില്ല

2. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ്- (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-10-3 വസ്തു നികുതി-നോൺ റെസിഡെൻഷ്യൽ (തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

**നോൺ-റെസിഡൻഷ്യൽ (തൻവർഷം)**

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1193852 | 1175708 | 7068 | 14496 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1193852 | 1172300 | 1049 | *14496 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | (350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *(15221/105X100)=14496) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

**1.** മുൻകൂർ തുക ക്രമീകരിച്ചത് പൊരുത്തപ്പെടുന്നില്ല

**2.** "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-10-4 വസ്തു നികുതി-റെസിഡെൻഷ്യൽ (കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും

**വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല**

**റെസിഡൻഷ്യൽ (കുടിശ്ശിക)**

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 5644 | 2728 | 1462 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *3045 | 2728 | **3071 |
| | *(2020-21-ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (1577+1621=3198/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (3071/105X100) |

**1.** ഡിമാന്റ് തുക പൊരുത്തപ്പെടുന്നില്ല.

**2.** "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

**1-10-5 വസ്തു നികുതി-നോൺ റെസിഡെൻഷ്യൽ (കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല**

**നോൺ-റെസിഡൻഷ്യൽ(കുടിശ്ശിക)**

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 44248 | 25666 | 18583 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 44250 | 25666 | 18583 |
| | (2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(15915+30548=46463/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | **(19513/105X100) ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

**1.** ഡിമാന്റ് തുക പൊരുത്തപ്പെടുന്നില്ല.

**2.** "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

**1-10-6 ലൈബ്രറി സെസ്സ്-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല**

**ലൈബ്രറി സെസ്സ് (തൻവർഷം + കുടിശ്ശിക)**

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടിശ്ശിക | ആകെ | | | തൻ വർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ് വെയർ പ്രകാരം | റെസിഡൻഷ്യൽ | 112483 | 291 | 112774 | 112092 | 136 | 112228 | 562 | 0 | 224 | 74 | 272 |
| | നോൺ-റെസിഡൻഷ്യൽ | 60166 | 2214 | 62380 | 59219 | 1283 | 60502 | 381 | 0 | 725 | 930 | 1655 |
| | ആകെ | | | 175154 | | | 172730 | 943 | 0 | 1927 | | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 55338 | | | 172730 | | | 0 | 172730 | 1879 | | |
| | | 49661+5677=(2020-21ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15, 431910101 – State Govt. Cess/Levies ലെഡ്ജർ 2021-22) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-35 (വരവ്)) | | | | (431910101 -State Govt. Cess/Levies ലെഡ്ജർ 2021-22) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

**1.** ഡിമാന്റ്, മുൻകൂർ ക്രമീകരിച്ചത്, ബാക്കി എന്നി തുകകൾ പൊരുത്തപ്പെടുന്നില്ല.

**2.** "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-10-7 വസ്തു നികുതി മുൻകൂർ-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2022 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues - Property Tax On Residential Building | 5484 | 77964 |
| 2 | 350410104-Advance Collection Of Revenues - Property Tax On Non-Residential Building | 3408 | 400580 |

## 1-10-8 വസ്തു നികുതി-യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല

01.4.2021-ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2021-22 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം

17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2021-22 വർഷത്തിൽ പൊയ്യ ഗ്രാമപഞ്ചായത്തിൽ 150 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2021-22-ലെ "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒരു തവണ മാത്രം (31.03.2022 ൽ) രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

**1-10-9 ലഭിക്കാനുള്ള ലൈബ്രറി സെസ്സ് കൃത്യമായി കണക്കാക്കപ്പെടുന്നില്ല**

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 39341/-രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State Govt. Levies In Property Tax" എന്ന ശീർഷകത്തിൽ വരേണ്ട തുക 1873/- (39341/105X5 )ആണ്. എന്നാൽ ഈ ശീർഷകത്തിൽ 1879/- രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

**1-10 വാർഷിക കണക്ക് പരിശോധന**

2021-22 വർഷത്തെ ഗ്രാമപഞ്ചായത്ത് സമർപ്പിച്ച വാർഷിക കണക്ക് പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 04/21.02.2023)

**1-10-10 അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് പ്രതിമാസ ഡിമാന്റ് രേഖപ്പെടുത്തുന്നില്ല**

2021-22-ൽ അസസ്സ് ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. (വസ്തുനികുതിയുടെ വിവരങ്ങൾ ഖണ്ഡിക 2.6-ൽ ചേർത്തിട്ടുണ്ട്)

| ക്രമ നം. | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 130100101-Rent From Building | 45,504.00 | 31.03.2022 | 42101206 |

| | (കെട്ടിടങ്ങൾ) | | | | |
|---|---|---|---|---|---|

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/ എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-10-11 വരവിനങ്ങളുടെ രജിസ്റ്റർ-മാസാന്ത്യ പൊരുത്തപ്പെടുത്തലുകൾ നടത്തുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2) (ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

4.1 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

4.2 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

4.3 ഡി&ഒ ഡിമാന്റ് രജിസ്റ്റർ

4.4 വാടക ഡിമാന്റ് രജിസ്റ്റർ

4.5 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

4.6 ഹാൾ, ഓഡിറ്റോറിയം വാടക രജിസ്റ്റർ

## 1-10-12 വരവിനങ്ങളുടെ മുൻകൂർ രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | വരുമാനം | മുൻകൂർ ശീർഷകം | 31/3/2022-ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax /Inst/Trad/Prof | 142110 |
| 2 | ഡി &ഒ | 350410301-Advance Collection Of Revenues-Licence Fees For Dangerous And Offensive Trades | 66000 |
| 3 | ലൈഫ് സ്റ്റോക്ക് ഫാം | 350410302- Advance Collection Of Revenues-License Fees For Livestock Farms | 1000 |
| 4 | സെയിൽ ഓഫ് സാന്റ് | 350410902- Advance Collection Of Revenues-Sale Of Sand | 1288 |

## 1-10-13 Prior Period-വൗച്ചറുകൾ സൂക്ഷിക്കുന്നില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്(ഐ-19) പ്രകാരം “190000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-19) | 31/3/2022-ലെ ലെഡ്ജർ ബാക്കി |
|---|---|

| | |
|---|---|
| 190100101-Prior Period Income -Property Tax | 1895 |

**1-10-14 ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ-വൗച്ചറുകൾ സൂക്ഷിക്കുന്നില്ല**

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

**1-10-15 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല**

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

**1-10-16 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല**

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് -1732918/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 11748245/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

**1-10-17 ഡിപ്രിയിസേഷൻ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല**

2021-22 വർഷത്തെ Income And Expenditure പത്രിക (I-17(A)) പ്രകാരം 1689421/- രൂപ ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

**1-10-18 ഡിപ്രിയിസേഷൻ-അതാത് ആസ്തികളുടെ ശീർഷകങ്ങളുടെയോ ആസ്തികളുടെ ഗണത്തിനനുസരിച്ചോ (Block Of Assets) പുനഃക്രമീകരിച്ചിട്ടില്ല**

"സാംഖ്യ" സോഫ്റ്റ്വെയറിൽ നിന്നും ILGMS സോഫ്റ്റ്വെയറിലെ ഫിനാൻസ് മൊഡ്യൂളിലേയ്ക്ക് മാറിയപ്പോൾ ആസ്തികൾ ഉൾപ്പെടെയുള്ളവയുടെ ശീർഷകങ്ങൾ വിഭജിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ആസ്തികളുടെ ഡിപ്രിസിയേഷൻ, അക്യുമലേറ്റഡ് ഡിപ്രിസിയേഷൻ ശീർഷകങ്ങൾ മേൽ രീതിയിൽ വിഭജിക്കപ്പെട്ട ശീർഷകങ്ങൾക്കനുസരിച്ചോ ആസ്തികളുടെ സ്വഭാവം അനുസരിച്ചുള്ള ഗണത്തിനനുസരിച്ചോ പുനഃക്രമീകരിക്കാത്തതിനാൽ ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല

**1-10-19 ഡെപ്പോസിറ്റ് രജിസ്റ്റർ-അപാകതകൾ പരിഹരിക്കേണ്ടതാണ്**

1)31.03.22-ലെ നീക്കിയിരിപ്പ് തുക ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-7 പ്രകാരം 340109901 എന്ന ഹെഡ്ഡിൽ 6000/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഈ ഇനം എഴുതി സൂക്ഷിച്ചിട്ടില്ല.

2)21/12/2021-ലെ 1210102490 രസീതി പ്രകാരമുള്ള 20050 രൂപയും 7/1/2022-ലെ 1210102834 രസീതി പ്രകാരമുള്ള 19550 രൂപയും (ആകെ 39600 രൂപ) ലേലം ഇനത്തിലെ തൻവർഷ വരവായി

ഉൾപ്പെടുത്തേണ്ടതിനു പകരം ഓക്ഷൻ ഡെപ്പോസിറ്റ് എന്ന ശീർഷകത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ആയത് 2022-23 വർഷത്തിൽ ക്രമീകരിക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണം നമ്പർ.11/24.02.2023).

## 1-10-20 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് : അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല

പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ,ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിന്റെ വിവരം താഴെ ചേർക്കുന്നു.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | |
|---|---|---|---|
| ക്രമ നമ്പർ | ശീർഷകം | ഇനം | തുക |
| 1 | 320100105 | Awards And Honours-Central Govt. | 429865 |
| 2 | 320200399 | Grants For Other Purposes | 100000 |

## 1-10-21 ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി-4 ൽ കാണുന്നില്ല

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി-4 ൽ കാണുന്നില്ല.

| ക്രമ നമ്പർ | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|
| 1 | 450210102 | TDCB Jalanidhi-80011992892 | 14713 |

## 1-10-22 "Directly Credited By Bank" എന്ന ഇനത്തിൽ 38750/- രൂപ ഉൾപ്പെടുത്തി റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നു

"Directly Credited By Bank" എന്ന ഇനത്തിൽ 38750/- രൂപ ഉൾപ്പെടുത്തിയാണ് റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്.

| തീയ്യതി | തുക | ബാങ്ക് |
|---|---|---|
| 18.02.2022 | 38750.00 | District Co-Operative BANK Mala (10710000714) |

ബാങ്കുമായി ബന്ധപ്പെട്ട് ഈ വരവ് പഞ്ചായത്തിന് അർഹതപ്പെട്ടതാണോയെന്ന് പരിശോധിച്ച് അത് ഉചിതമായ ശീർഷകത്തിൽ വരവ് വയ്ക്കേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുകകൾ ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2021-22-ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

## 1-10-23 "Cheques Deposited But Not Credited" ആയി ഉൾപ്പെടുത്തിയി ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്തിട്ടില്ല

ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം 24130/- രൂപ "Cheques Deposited But Not Credited" ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്തിട്ടില്ല.ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

| തീയ്യതി | തുക | ബാങ്ക് |
|---|---|---|
| 27-07-2021 മുതൽ 26.03.2022 | 15430.00 | State Bank Of India, Poyya (E-Pay) (37049645270 ) |
| 10.12.2004 | 500.00 | District Co-Operative BANK Mala (10710000714) |
| 01.10.2007 | 500.00 | |
| 27.08.2008 | 4900.00 | |
| 13.07.2007 | 200.00 | |
| 04.03.2006 | 2600.00 | |
| | **24130** | |

## 1-10-24 Cheques Issued But Not Presented Into Bank:ചെക്ക് നൽകി മാസങ്ങൾ കഴിഞ്ഞിട്ടും ക്യാഷ് ചെയ്തിട്ടില്ല

ബാങ്ക് റീകൺസിലിയേഷൻ പത്രിക പ്രകാരം 5332/- രൂപ "Cheques Issued But Not Presented Into Bank" ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ ചെക്ക് നൽകി മാസങ്ങൾ കഴിഞ്ഞിട്ടും ക്യാഷ് ചെയ്തിട്ടില്ല. ഇക്കാര്യം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

| തീയ്യതി | ചെക്ക് നം. | തുക | ബാങ്ക് |
|---|---|---|---|
| 24.02.2020 | 015132 | 3332.00 | District Co-Operative BANK Mala (10710000714 ) |
| 19.04.2021 | 024034 | 1000 | |
| 07.01.2022 | 025802 | 500 | |
| 07.01.2022 | 025803 | 500 | |
| | | **5332** | |

## 1-10-25 അഡ്വാൻസ് രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ല

ബാലൻസ് ഷീറ്റ് B-18 പ്രകാരം 460509901-Advance To Others എന്ന ഹെഡ്ഡിൽ 287043/- രൂപ നീക്കിയിരിപ്പുണ്ട്. ഇതിന്റെ വിശദാംശങ്ങൾ അഡ്വാൻസ് രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ല.

## 1-11 രസീതി പരിശോധന-അപാകതകൾ

1) കൃഷി ഓഫീസർ ജൈവ പച്ചക്കറി (വനിത)-സ്യൂഡോമോണാസ് ഗുണഭോക്തൃവിഹിതം കളക്റ്റ് ചെയ്യുവാനായി ഉപയോഗിച്ച രസീത് ബുക്ക് നമ്പർ 5854, 5861 എന്നിവയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

| രസീതി ബുക്ക് നമ്പർ | രസീതി നമ്പർ | ഈടാക്കിയ തുക |
|---|---|---|
| 5854 | 1 മുതൽ 100 വരെ | 13125 |
| 5861 | 1മുതൽ 35വരെ | |

മേൽ രസീതികളിലായി ഈടാക്കിയ 13125/- രൂപ 25/3/2022 തീയതിയിൽ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്, എന്നാൽ രസീതികളിൽ തീയതി രേഖപ്പെടുത്താതെയാണ് തുക ഈടാക്കിയിട്ടുള്ളത്. ക്ലറിക്കൽ പിഴവ് മൂലം സംഭവിച്ച അപാകതയാണിതെന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നമ്പർ 14/24.02.2023).

2) വി.ഇ.ഒ റിങ്ങ് കമ്പോസ്റ്റ് ഗുണഭോക്തൃവിഹിതം കളക്റ്റ് ചെയ്യുവാനായി ഉപയോഗിച്ച രസീത് ബുക്ക് നമ്പർ 5864,5865 എന്നിവയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

| രസീതി ബുക്ക് നമ്പർ | രസീതി നമ്പർ/തീയതി | തുക |
|---|---|---|
| 5864 | 90 മുതൽ 97 വരെ/27-1-2022 | 2000 |
| 5864 | 98 മുതൽ 100 വരെ/28-1-2022 | 750 |
| 5855 | രസീതി1 /31-1-2022 | 250 |
| 5855 | 2 മുതൽ 9 വരെ/1-2-2022 | 2000 |
| 5855 | 10 മുതൽ 13വരെ/3-2-2022 | 1000 |
| 5855 | 14 മുതൽ 17 വരെ/4-2-2022 | 1000 |
| 5855 | 18 മുതൽ 20 വരെ/5-2-2022 | 750 |
| 5855 | 21 മുതൽ 28വരെ/7-2-2022 | 2000 |
| 5855 | 29 മുതൽ 30വരെ/9-2-2022 | 500 |

മേൽ രസീതികളിൽ 27-1-2022 മുതൽ 9-2-2022 വരെയുള്ള തീയതികളിലായി ഈടാക്കിയ തുകയായ 10250/- രൂപ, 16/2/2022 ലെ 1210103279 നമ്പർ രസീതി പ്രകാരമാണ് സ്ഥാപനത്തിൽ അടവാക്കിയിട്ടുള്ളത്. ഈടാക്കിയ തുക സ്ഥാപനത്തിൽ വൈകി അടവാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ 5/21.02.2023) മറുപടി ലഭ്യമായില്ല.

നിർവഹണഉദ്യോഗസ്ഥർ പഞ്ചായത്തിനുവേണ്ടി പണം സ്വീകരിക്കുമ്പോൾ പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 20, 23 എന്നിവയിലെ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

3)അസിസ്റ്റന്റ് എൻജിനീയർ രസീതി ബുക്ക് നമ്പർ 5866 ൽ 1 മുതൽ 15 വരെയുള്ള രസീതികളിലായി Sale Of Tender Form ഇനത്തിൽ 21750/- രൂപ ഈടാക്കുകയും പ്രസ്തുത തുക 16-12-2022, 16-1-2023 തീയതികളിലായി സ്ഥാപനത്തിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്. ടി തുകയിൽ ജി.എസ്.ടി ഉൾപ്പെട്ടിട്ടില്ല. അപാകത സൂചിപ്പിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.20/25-02-2023) ലഭ്യമായ മറുപടിയിൽ ഈടാക്കിയ തുകയിൽ ജി.എസ്.ടി ഉൾപ്പെടുത്താൻ വിട്ടുപോയിട്ടുണ്ടെന്നും തുടർന്ന് വരുന്ന ടെണ്ടറുകളിൽ ജി.എസ്.ടി ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ജി.എസ്.ടി ഇനത്തിലെ നഷ്ടം ഈടാക്കി ഒടുക്കുവരുത്തേണ്ടതാണ്.

## 1-12 തൊഴിൽനികുതി -അപാകതകൾ

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ പ്രകാരം, ഒരു അർദ്ധവർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത് മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന കമ്പനികളും സ്ഥാപനങ്ങളും പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്നവരും, താമസിച്ച് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരും എല്ലാ മാർഗ്ഗങ്ങളിൽ കൂടിയും അയാളുടെ ആകെ വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരാണ്.

**1)** തൊഴിൽനികുതി രജിസ്റ്റർ,റിട്ടേൺ എന്നിവയുടെ പരിശോധനയിൽ റിട്ടേണിൽ സൂചിപ്പിച്ച അർദ്ധവാർഷിക വരുമാനത്തിന് ബാധകമായ നിശ്ചിത സ്ലാബിൽ അല്ല നികുതി ഈടാക്കിയിട്ടുള്ളതെന്ന് ബോധ്യപ്പെട്ടു. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം/പേര് | അർദ്ധവർഷം | അർദ്ധവാർഷിക വരുമാനം | അടവാക്കിക്കിയ നികുതി | ഈടാക്കേണ്ട നികുതി | തുക (കുറവ്) |
|---|---|---|---|---|---|
| പോസ്റ്റോഫീസ് കൃഷ്ണൻകോട്ട/ ഗ്രീഷ്മ തോമസ് | 1-ാം അർദ്ധവർഷം | 60000 | 450 | 600 | 150 |
| പോസ്റ്റോഫീസ് പൊയ്യ/ആര്യ വേണുഗോപാൽ | 1, 2 അർദ്ധവർഷം | 126945 | 1000 | 1250 | 500 |

കുറവ് വന്ന തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണം നമ്പർ 13/24.02.2023).

**2)** 2021-22 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

1. ഷാജു കെ. ഒ
2. റിഥിൻ ബാബു
3. നിയാസ് എ. ഐ
4. കെ. പി കുര്യാക്കോസ്
5. ജയരാജൻ
6. അഷിൽ തോമസ്
7. ജോൺസൺ വി. കെ

കരാറുകാരിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ 21/25.02.2023) മറുപടി ലഭ്യമായില്ല.

**3)** താഴെ പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയ വിവരങ്ങൾ ലഭ്യമായില്ല (ഓഡിറ്റ് അന്വേഷണം നമ്പർ 13/24.02.2023)

1. മാവേലി സ്റ്റോർ, പൊയ്യ
2. പൂപ്പത്തി സപ്ലൈകോ മാവേലി സ്റ്റോർ
3. SBI പൊയ്യ

**4)** സ്ഥാപനങ്ങൾ ലൈസൻസിനായി സമർപ്പിച്ച അപേക്ഷകളിൽ തൊഴിലാളികളുടെ എണ്ണം

രേഖപ്പെടുത്തിയിട്ടുണ്ട്, ഇവരിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ 13/24.02.2023) മറുപടി ലഭ്യമായില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | തൊഴിലാളികളുടെ എണ്ണം |
|---|---|
| ഫോർവെ മിറർ മെഗാമാർട്ട് | 5 |
| നെയ്തൽ സീഫുഡ് സ്പെഷ്യൽ കിച്ചൺ | 8 |
| കെ.കെ.വുഡ് ഇൻഡസ്ട്രീസ് &സോമിൽ | 5 |

തൊഴിൽനികുതി ഈടാക്കിയതു സംബന്ധിച്ച (ക്രമനമ്പർ 2 മുതൽ 4 വരെ) വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-13 ലൈസൻസ്

1) **മൂലധന നിക്ഷേപത്തിനനുസരിച്ച് ലൈസൻസ് ഫീസ് ഈടാക്കുന്നില്ല.**

ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ, താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നമ്പർ-22/25.2.2023).

A) നൻമ സൂപ്പർ മാർക്കറ്റ്-മൂലധന നിക്ഷേപം-2500000 രൂപ-ഈടാക്കിയ ലൈസൻസ് ഫീസ് 100 രൂപ. സേവന മേഖലയിലെ 10 ലക്ഷം രൂപയിൽ കൂടുതലുള്ളതും 25 ലക്ഷം രൂപയിൽ കവിയാത്തതുമായ മൂലധന നിക്ഷേപം ഉള്ള സ്ഥാപനങ്ങളിൽ നിന്നും ഈടാക്കേണ്ട ഫീസ് പരമാവധി 1000 രൂപ ആണ് (31.10.2017-ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം)

B) ഫോർവെ മിറർ മെഗാമാർട്ട്-മൂലധന നിക്ഷേപം 2000000 രൂപ-ഈടാക്കിയ ലൈസൻസ് ഫീസ് 500 രൂപ. 31.10.2017-ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം സേവന മേഖലയിൽ 10 ലക്ഷം രൂപയിൽ കവിയാത്ത മൂലധന നിക്ഷേപം ഉള്ള വ്യാപാരങ്ങൾക്ക് ബാധകമായ ഫീസാണ് ഈടാക്കിയിട്ടുള്ളത് .

2) **ലൈസൻസ് അപേക്ഷകളിൽ മൂലധനം രേഖപ്പെടുത്താത്തതിനാൽ ഏത് മാനദണ്ഡ പ്രകാരമാണ് ഫീസ് ഈടാക്കുന്നതെന്ന് വ്യക്തമല്ല.**

ഉദാ- ഫ്രെഷ് മാർട്ട്, ഗോൾഡൻ ടയേഴ്സ്, കെ.കെ.വുഡ് ഇൻഡസ്ട്രീസ്.

31.10.2017-ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം മൂലധനനിക്ഷേപത്തിന് അനുസരിച്ചുള്ള ലൈസൻസ് ഫീ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 ലൈവ്സ്റ്റോക്ക് ഫാം ലൈസൻസ് ഉറപ്പാക്കേണ്ടതാണ്

2012-ലെ കേരള പഞ്ചായത്ത്രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം താഴെ പറയുന്ന എണ്ണത്തിൽ കൂടുതൽ മൃഗങ്ങളെയോ, പക്ഷികളെയോ വളർത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു ലൈവ്സ്റ്റോക്ക് ഫാം സ്ഥാപിക്കുന്നതിനോ നടത്തികൊണ്ടുപോകുന്നതിനോ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്.

(I) കന്നുകാലി ഫാം : 5 മൃഗങ്ങൾ
(II) ആട് ഫാം : 20 മൃഗങ്ങൾ
(III) പന്നി ഫാം : 5 മൃഗങ്ങൾ
(IV) മുയൽ ഫാം : 25 മൃഗങ്ങൾ
(V) പൗൾട്രി ഫാം : 100 പക്ഷികൾ

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ലൈവ്സ്റ്റോക്ക് ഫാമുകളുടെ എണ്ണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായില്ല (ഓഡിറ്റ് അന്വേഷണം നം.22/25-02-2023). ലൈവ്സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 13 കോഴി ഫാമുകൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. എന്നാൽ വെറ്ററിനറി സർജൻ ഹാജരാക്കിയ രേഖകൾ പ്രകാരം കന്നുകാലി ഫാം-18, പന്നി ഫാം-1 ആട് ഫാം-1 എന്നിവയും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ലൈവ് സ്റ്റോക്ക് ഫാമുകളിൽ പരിശോധന നടത്തി ലൈസൻസ് എടുപ്പിക്കുന്നതിന് ചട്ട പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 റെഗുലറൈസേഷൻ ഫീ-വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

**1) ഫയൽ നം.1853/21**

45.31 എം$^2$ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന്റെ നമ്പറിങ്ങ് ഫയലിൽ റെഗുലറൈസേഷൻ ഫീ 20 രൂപാനിരക്കിൽ ഈടാക്കേണ്ടതിന് പകരം 7 രൂപാനിരക്കിൽ (45.31x7=317 രൂപ) ഈടാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. റെ ഗുലറൈസേഷൻ ഫീ കുറവായി ഈടാക്കിയതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായില്ല (ഓഡിറ്റ് അന്വേഷണം നം.27/27-02-2023). റെഗുലറൈസേഷൻ ഫീ ഇനത്തിൽ കുറവ് വന്ന തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**2) നിലവിലുള്ള കെട്ടിടങ്ങളുടെ പ്ലാൻ പ്രകാരവും സഞ്ചയ പ്രകാരവും ഉള്ള വിസ്തീർണ്ണങ്ങൾ പൊരുത്തപ്പെടുന്നില്ല.**
നമ്പറിങ്ങ് ഫയൽ പരിശോധനയിൽ ഫയലിൽ സമർപ്പിച്ചിരിക്കുന്ന പ്ലാൻ പ്രകാരം നിലവിലുള്ള കെട്ടിടങ്ങളുടെ വിസ്തീർണ്ണവും സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള വിസ്തീർണ്ണവും പൊരുത്തപ്പെടുന്നില്ല. യഥാർത്ഥ വിസ്തീർണ്ണത്തിലും കുറവായി സഞ്ചയയിൽ രേഖപ്പെടുത്തുന്നതുമൂലം വസ്തുനികുതി ഇനത്തിൽ കുറവു സംഭവിക്കുന്നുണ്ട്. മേൽ നോട്ട ചുമതലയുള്ള ജീവനക്കാർ ഇതിൽ വേണ്ടത്ര ശ്രദ്ധചെലുത്തേണ്ടതാണ്.

| ഉടമസ്ഥന്റെ പേര് | കെട്ടിട നമ്പർ | വിസ്തീർണ്ണം (പ്ലാൻ പ്രകാരം) | വിസ്തീർണ്ണം (സഞ്ചയ സോഫ്ട്വെയർ പ്രകാരം) |
|---|---|---|---|
| റപ്പായി, കൈതാരത്ത് | III/128 | 66.25 എം$^2$ | 46 എം$^2$ |
| സാനി, കളത്തിൽ | IV/375 | 12.38 എം$^2$ | 9 എം$^2$ |

അധികരിച്ച വിസ്തീർണ്ണം ക്രമവൽക്കരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതും നികുതി പുനർനിർണ്ണയിക്കേണ്ടതും തുടർനടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ് (ഓഡിറ്റ് അന്വേഷണം നം. 27/27-02-2023)

**3) ഫയൽ നം.400743/BRRL01/General/2021/492**

റെസിഡെൻഷ്യൽ കെട്ടിടത്തിന്റെ നമ്പറിങ്ങിനായി സമർപ്പിച്ച ഫയലിലെ കെട്ടിടങ്ങളുടെ വിസ്തീർണ്ണം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

Existing GF -136.80 എം$^2$

Existing FF -39.79 എം$^2$

Regularization FF-67.44 എം$^2$

നിലവിലുള്ള കെട്ടിടത്തിന്റെ വിസ്തീർണ്ണം (കെട്ടിടനം.4/171) 176.59 എം$^2$ ആണെന്നും പ്രസ്തുത കെട്ടിടത്തിന്റെ സഞ്ചയ സോഫ്ട് വെയർ പ്രകാരമുള്ള വിസ്തീർണ്ണം 94 എം$^2$ ആണെന്നും ആയതിനാൽ നിലവിലുള്ള കെട്ടിടത്തിന്റെ വിസ്തീർണ്ണം പുനർനിർണയിക്കേണ്ടതാണെന്നും 27/4/2021 തീയതിയിൽ ഓവർസീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയതിവരെ അപാകത പരിഹരിച്ചിട്ടില്ല. കൂടാതെ പുതിയതായി നിർമ്മിച്ച 67.44 എം$^2$ വിസ്തീർണ്ണത്തിന് റെഗുലറൈസേഷൻ ഫീ ഈടാക്കിയ വിവരവും ഫയലിൽ ലഭ്യമായില്ല. അപാകതകൾ സൂചിപ്പിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.27/27-02-2023) മറുപടി ലഭ്യമായില്ല. 67.44 എം$^2$ വിസ്തീർണ്ണം ക്രമവൽക്കരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. കൂടാതെ നിലവിലുള്ള കെട്ടിടത്തിന്റെ 82.59 എം$^2$ വിസ്തീർണ്ണം ക്രമവൽക്കരിക്കേണ്ടതും നികുതി പുനർനിർണ്ണയിക്കേണ്ടതും വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-16 വസ്തുനികുതി പുനപരിശോധിക്കേണ്ടതാണ്

**1)** 39.68 എം$^2$ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടം-7/288A, 19.69 എം$^2$ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടം – 7/288B എന്നിവയെ 100 എം$^2$ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗൺ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തുകയും 40 രൂപ നിരക്കിൽ നികുതി നിർണയിക്കുകയും ചെയ്തിട്ടുണ്ട്. ലൈസൻസ് രജിസ്റ്റർ പ്രകാരം ടി കെട്ടിടം സൂപ്പർ മാർക്കറ്റായാണ്

പ്രവർത്തിക്കുന്നത്. കെട്ടിടത്തെ 200 എം$^2$ വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്/മാളുകൾ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി നിർണയിക്കാതിരുന്നതിന്റെ കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം. 17/24-02-2023) മറുപടി ലഭ്യമായില്ല. അപാകത പരിശോധിക്കേണ്ടതും വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

**2) ഫയൽ നം.400743/RPTL02/General/2021/1732**

കെട്ടിട നം. 13/156H, 13/156I എന്നിവയിൽ പ്രവർത്തിക്കുന്ന ഫോർവെ മിറർ മെഗാമാർട്ട് എന്ന സ്ഥാപനം സൂപ്പർ മാർക്കറ്റ് ആയാണ് പ്രവർത്തിക്കുന്നത്. കെട്ടിടത്തിന്റെ ആകെ വിസ്തീർണം 248.74 എം$^2$ ആകുന്നു. ടി കെട്ടിടത്തിന്റെ നികുതി വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | വിസ്തീർണം | ഉപയോഗം | അടിസ്ഥാന നികുതി |
|---|---|---|---|
| 13/156H | 97.01 എം$^2$ | വാണിജ്യാവശ്യത്തിനുള്ള 100 എം$^2$ ന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗൺ | 50 രൂപ |
| 13/156I | 151.73 എം$^2$ | വാണിജ്യാവശ്യത്തിനുള്ള 100എം$^2$ ന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗൺ | 50 രൂപ |

സ്ഥാപനത്തിന് 27/4/21 തീയതിയിലാണ് ലൈസൻസിനുള്ള അനുമതി നല്കിയിട്ടുള്ളത്. 200എം$^2$ ന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്/മാളുകൾ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിക്കേണ്ടതിനു പകരം 100എം$^2$ ന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗൺ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി നിർണയിച്ചതിന്റെ കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.23/25-02-2023) മറുപടി ലഭ്യമായില്ല. കൂടാതെ 25.2.2023 ന് ഓഡിറ്റ് ടീം നടത്തിയ പ്രാദേശിക പരിശോധനയിൽ സ്ഥാപനത്തിന്റെ പാർക്കിങ്ങ് ഏരിയയിൽ പച്ചക്കറി സ്റ്റാൾ പ്രവർത്തിക്കുന്നതായി കണ്ടു. സ്ഥലപരിശോധന നടത്തി ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-17 തുടർനടപടികൾ അറിയിക്കേണ്ടതാണ്

15/5/2021-ലെ ട്രീ കമ്മിറ്റി മിനിറ്റ്സ് പ്രകാരം പൊയ്യ ഫാമിലി ഹെൽത്ത് സെന്ററിലെ 4 അക്കേഷ്യ മരങ്ങളുൾപ്പെടെ 5 മരങ്ങൾ വെട്ടിമാറ്റുന്നതിന് തീരുമാനിച്ചിരുന്നു. ആയതിന്റെ തുടർനടപടികൾ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായില്ല (ഓഡിറ്റ് അന്വേഷണം നം.26/27-2-2023). മുറിച്ച് മാറ്റിയ മരങ്ങളുടെ ലേലം സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-18 ആർ.ഡി.ഒ ഉത്തരവ് പാലിക്കാതെ കെട്ടിടത്തിന്റെ നികുതി നിർണയിച്ചു

**ഫയൽ നം. 400743/BRMC02/General/2021/4399**

പോൾ എഫ്രേം, പുന്നേലിപറമ്പിൽ എന്നവർ സർവെ നം. 28/1-1ൽ നിർമ്മിച്ച (പ്ലോട്ട് ഏരിയ-1902എം$^2$) 425.84 എം$^2$ വിസ്തീർണ്ണമുള്ള കൊമേഴ്സ്യൽ കെട്ടിടം ക്രമവൽക്കരിക്കുന്നതിനായി സമർപ്പിച്ച ഫയൽ പരിശോധനയിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| Completed Ground Floor (1) | 245.64എം$^2$ |
| Completed Ground Floor (2) | 180.20എം$^2$ |
| Existing House | 103.10എം$^2$ |
| **Total** | **528.94എം$^2$** |

**അപാകതകൾ**

**1)** Completed Ground Floor(2)-180.20 എം$^2$ വിസ്തീർണമുള്ള കെട്ടിടത്തിന് 20 രൂപ നിരക്കിൽ റെഗുലറൈസേഷൻ ഫീ ഈടാക്കേണ്ടതിന് പകരം 10 രൂപ നിരക്കിൽ ഈടാക്കിയതായി രേഖപ്പെടുത്തിയിരിക്കുന്നു.

**2)** Completed Ground Floor(1) - 245.64എം$^2$ വിസ്തീർണമുള്ള കെട്ടിടത്തിന്റെ റെഗുലറൈസേഷൻ ഫീ ഈടാക്കിയ വിവരങ്ങൾ ലഭ്യമായില്ല.

**3)** 23/1/2021-ലെ ബഹു. ഇരിങ്ങാലക്കുട ഡിവിഷണൽ ആഫീസറുടെ B1-5909/2020/RDO ഉത്തരവിൽ പരിവർത്തനം നടത്തിയ ഭൂമിയിൽ നിർമ്മിക്കുന്ന കെട്ടിടത്തിന്റെ വിസ്തീർണം 3000 ച.അടിയിൽ (278.709 എം$^2$) അധികരിച്ചാൽ അപ്രകാരം അധികമായി വരുന്ന ഓരോ ച.അടിക്കും 100 രൂപ നിരക്കിലുള്ള ഫീസ് അടവാക്കേണ്ടതാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ വിസ്തീർണം 3000 ച.അടിയിൽ അധികരിച്ചിട്ടും ഉത്തരവ് പ്രകാരമുള്ള നികുതി അടവാക്കിയ രസീതി ഹാജരാക്കാതെ തന്നെ 2021-22 II Half ൽ, കെട്ടിടത്തിന്റെ നികുതി നിശ്ചയിച്ചു.

**4)** IV/539A എന്ന നമ്പർ അനുവദിച്ച 245.64 എം$^2$ വിസ്തീർണമുള്ള കെട്ടിടത്തെ 200 എം$^2$ ന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്/മാളുകൾ എന്ന വിഭാഗത്തിലും IV/539B എന്ന നമ്പർ അനുവദിച്ച 180.20എം$^2$ വിസ്തീർണമുള്ള കെട്ടിടത്തെ 200എം$^2$ വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്/മാളുകൾ എന്ന വിഭാഗത്തിലും ഉൾപ്പെടുത്തി നികുതി നിർണയിച്ചതിന്റെ കാരണവും വ്യക്തമല്ല. നമ്പർ അനുവദിച്ച രണ്ടു കെട്ടിടത്തിന്റേയും ഉപയോഗം ഒന്നാണെങ്കിൽ IV/539B എന്ന കെട്ടിടത്തെയും 200 എം$^2$ ന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്/മാളുകൾ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി നികുതി നിർണയിക്കേണ്ടതാണ്.

അപാകതകൾ സൂചിപ്പിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.15/24-02-2023) മറുപടി ലഭ്യമായില്ല. നിയമാനുസൃതമുള്ള റഗുലറൈസേഷൻ ഫീസ്, ഉപ.ഖ.3 പ്രകാരം സർക്കാറിലേക്ക് ഒടുക്കേണ്ട ഫീസ് എന്നിവ ഒടുക്കുവരുത്തേണ്ടതും, ശരിയായ നിരക്കിൽ നിശ്ചയിച്ച വസ്തു നികുതി നിശ്ചയിച്ച് ഈടാക്കേണ്ടതുമാണ്.

**<u>1-19 മഴക്കാല പൂർവ്വ ശുചീകരണം-നടപ്പിലാക്കാത്ത പ്രവൃത്തികൾക്ക് തുക നൽകി</u>**

വൗച്ചർ നമ്പർ - 22100204/4.6.21-225000/-&

വൗച്ചർ നമ്പർ -22100164-25.5.2021-75000/-

മെഡിക്കൽ ഓഫീസർ എഫ് എച്ച് സി പൊയ്യക്ക് മഴക്കാല പൂർവ്വ ശുചീകരണം നടത്തുന്നതിനായി വാർഡ് തല കമ്മറ്റി കൺവീനർമാർക്ക് നൽകിയ 300000 രൂപ (ഓരോ വാർഡിനും 20000 രൂ വീതം)കൈമാറിയതിന്റെ ചെലവ് രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതൾ കണ്ടു. വിശദാംശം താഴെ ചേർക്കുന്നു.

**1)** വാർഡ് 6 ലെ രണ്ട് പൊതു കിണറുകൾ ശുചീകരിച്ചതിന്റെ ചെലവിനത്തിൽ ഓരോ കിണറിനും 10000 രൂ വീതം വാർഡ് തല കമ്മറ്റി കൺവീനർമാർക്ക് നൽകി. എന്നാൽ ഓവർസീയറുടെ വാല്യുവേഷൻ പ്രകാരം കിണറുകളുടെ ശുചീകരണത്തിന്റെ വാല്യുവേഷൻ യഥാക്രമം 9000 രൂപയും (എരിമ്മൽ ക്ഷേത്രത്തിന് അടുത്തുള്ള പൊതു കിണർ ശചീകരണം) 9500 രൂപയുമാണ്. (പൂപ്പത്തി കോളനിക്ക് സമീപമുള്ള പൊതു കിണർ) അതായത് 1500 രൂ ഈ ഇനത്തിൽ അധികം നൽകി. അധികം നൽകിയ തുക ബന്ധപ്പെട്ട കൺവീനർമാരിൽ നിന്ന് തിരിച്ചു പിടിക്കേണ്ടതാണ് (1500/-).

**2)** വാർഡ് 1 ലെ മൂന്ന് അങ്കണവാടികൾക്ക് വേസ്റ്റ് നിക്ഷേപിക്കുന്നതിനായി കോൺക്രീറ്റ് റിങ്ങുകൾ വാങ്ങിയതിന് (ഗ്രാന്റ് പ്രൊഡക്ട്സ് കുണ്ടായി)7500 രൂപയും, രണ്ടാം വാർഡിലെ രണ്ട് അങ്കണവാടികൾക്ക് വേസ്റ്റ് നിക്ഷേപിക്കുന്നതിനായി കോൺക്രീറ്റ് റിങ്ങുകൾ വാങ്ങിയതിന് (ഗ്രാന്റ് പ്രൊഡക്ട്സ് കുണ്ടായി)5000 രൂപയും വാർഡ് തല കമ്മറ്റി കൺവീനർമാർക്ക് നൽകിയിട്ടുണ്ട്. വാർഡ് 1 ലെ 93 ാം നമ്പർ അങ്കണവാടിയിൽ ഓഡിറ്റ് ടീം നടത്തിയ പ്രാദേശിക പരിശോധനയിൽ (25..2.2023-ൽ) കോൺക്രീറ്റ് റിങ്ങ് കാണുവാനായില്ല. വളരെ പഴയ ഒരു റിങ്ങാണ് അവിടെ ഉള്ളത് .ആയത് വർഷങ്ങൾക്ക് മുമ്പ് സ്ഥാപിച്ചതാണ് എന്നാണ് ടീച്ചർ അറിയിച്ചത്. തുടർന്ന് മറ്റ് അങ്കണവാടികളുമായി ഫോണിൽ ബന്ധപ്പെട്ടതിൽ കോൺക്രീറ്റ് റിങ്ങുകൾ സ്ഥാപിച്ചിട്ടില്ല എന്ന് അറിയിച്ചു. ആയതിനാൽ ഈ ചെലവിനത്തിൽ വാർഡ് തല കമ്മറ്റി കൺവീനർ കൈപ്പറ്റിയ 12500 (7500 & 5000) തിരികെ ഈടാക്കേണ്ടതാണ്.ചെലവു തുക തടസ്സത്തിൽ വക്കുന്നു

വാർഡ് തല ശുചിത്വ കമ്മറ്റിയുടെ പ്രവർത്തനങ്ങൾ പ്രത്യേകം നിരീക്ഷിക്കുന്നതിലേക്ക് പഞ്ചായത്ത്

ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

**1-20 അങ്കണവാടികൾക്ക് ഏകീകൃത നെയിംബോർഡ് സ്ഥാപിക്കാൻ തുക ലഭ്യമായിരിക്കെ നെയിംബോർഡ് പോളിഷ് ചെയ്യാൻ തുക നൽകി**

വൗച്ചർ നമ്പർ – 22100326/1.7.21-12500 (തനത് ഫണ്ട്), 22101133/15.02.2022 – 54000

വനിത ശിശു വികസന ഡയറക്ടറുടെ 28.1.21 ലെ ഉത്തരവ് പ്രകാരം അങ്കണവാടികൾക്ക് ഏകീകൃത നെയിംബോർഡ് സ്ഥാപിക്കുന്നതിന് പൊയ്യ പഞ്ചായത്തിന് 12.2.21 ൽ 54000 രൂ ട്രാൻസ്ഫർ ചെയ്ത് നൽകി. ആയത് കേരള ബാങ്ക് അക്കൗണ്ടിൽ (തനത് ഫണ്ട്) വരവ് വച്ചിട്ടുണ്ട്. 21-22 ലെ പദ്ധതി നമ്പർ 172 പ്രകാരം ഇതിനായി തുക (54000 രൂ) ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വൗച്ചർ പരിശോധനയിൽ മേൽ വൗച്ചർ പ്രകാരം 24 അങ്കണവാടികൾക്ക് നെയിംബോർഡ് പോളിഷ് ചെയ്തതിന് 12500 രൂ ഐസിഡിസ് സൂപ്പർവൈസറുടെ അപേക്ഷ പ്രകാരം അനവദിച്ചു. 500 രൂ വീതം 24 അങ്കണവാടികൾക്ക് ആണ് തുക അനുവദിച്ചത്. എന്നാൽ 24*500 =12000 ആണ്. 500 രൂ അധികം അനുവദിച്ചു എന്നത് മാത്രമല്ല നെയിംബോർഡ് മാറ്റുവാൻ തുക ലഭ്യമായിരിക്കെ പഴയ നെയിംബോർഡ് പോളിഷ് ചെയ്യാൻ തുക നൽകിയത് ശരിയായ നടപടി അല്ല. ഇത് മൂലം പഞ്ചായത്ത് ഫണ്ടിന് വന്ന അധിക ചെലവ് 12500 രൂ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.ചെലവുതുക തടസ്സത്തിൽ വക്കുന്നു.

**1-21 പകൽ വീട് പ്രവർത്തിക്കുന്നില്ല**

പദ്ധതി നമ്പർ – 90

നിർവ്വഹണ ഉദ്യോഗസ്ഥ – ഐ.സി.ഡി.എസ് സൂപ്പർവൈസർ

ചെലവ് 4670/- (വൗച്ചർ നം. 22101567/07.03.2022)

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ വയോക്ലബിന്റെ വാട്ടർചാർജ്ജ് അടവാക്കൽ എന്ന പദ്ധതി പ്രകാരം പകൽ വീടിന്റെ ജലനിധി വാട്ടർ ചാർജ്ജ് 4670 രൂ അടവാക്കിയിട്ടുണ്ട്. 2018 മുതൽ 2022 വരെയുള്ള വാട്ടർചാർജ്ജ് ആണ് അടവാക്കിയിരിക്കുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 7/22.2.23)മറുപടി ആയി പകൽ വീട് പ്രവർത്തിക്കുന്നില്ല എന്ന് അറിയിച്ചിട്ടുണ്ട്. യാത്രാസൗകര്യത്തിന്റെ അപര്യാപ്തതയും അടിസ്ഥാന സൗകര്യത്തിന്റെ അപര്യാപ്തതയുമാണ് ഇതിനു കാരണമായി ചൂണ്ടിക്കാട്ടിയത്. വയോക്ലബിന്റെ വാട്ടർ ചാർജ്ജ് അടവാക്കാൻ വ്യവസ്ഥ ഉണ്ടെങ്കിലും പകൽ വീട് വയോക്ളബായി പ്രവർത്തിക്കുന്നുണ്ടെന്നതിന് ആധാരമായ രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല. (കമ്മറ്റി തീരുമാനം, വയോക്ലബ് മിനിറ്റ്സ്) മാർഗ്ഗരേഖക്ക് വിരുദ്ധമായി പദ്ധതികൾ ഏറ്റെടുക്കുന്നത് ഒഴിവാക്കേണ്ടതാണ്. പകൽ വീട് തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് തടസ്സമായ കാരണങ്ങൾ പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

**1-22 ഭിന്ന ശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ്-അനുമതി വാങ്ങാതെ സ്പിൽഓവർ പദ്ധതി നടപ്പിലാക്കി**

പദ്ധതി നമ്പർ – 85/22

നിർവ്വഹണ ഉദ്യോഗസ്ഥ-ഐ.സി.ഡി.സ് സൂപ്പർവൈസർ

വൗച്ചർ നമ്പർ-22101381/30.06.2021- 299200/-രൂ

2021-22-ലെ ഭിന്ന ശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ 2020-21 ലെ പദ്ധതി നമ്പർ-22/21 ന്റെ സ്പിൽ ഓവർ ആയി നൽകേണ്ട തുക 2021-22-ലെ പദ്ധതി വിഹിതത്തിൽ നിന്നും നൽകിയതായി കണ്ടു. സ.ഉ(കൈ) നം.11/2018/ത.സ്വ.ഭ.വ തീ. 29.01.18 ഖ.10.4 പദ്ധതി മാർഗ്ഗരേഖ ഉത്തരവ് പ്രകാരം സ്പിൽഓവർ ആയി തുടരുന്ന എല്ലാ പദ്ധതികളും നിശ്ചിത ഫോറത്തിൽ സുലേഖ സോഫ്റ്റ്വെയർ ഉപയോഗിച്ച് തയ്യാറാക്കി വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതാണ്. ഖ.10.5 പ്രകാരം അംഗീകാരം ലഭിച്ച ഒരു പദ്ധതി സ്പിൽ ഓവറായി അടുത്ത വർഷം തുടരുമ്പോൾ പ്രവർത്തനങ്ങളിലോ അടങ്കൽ തുകയിലോ ഭേദഗതി അനിവാര്യമാണെന്ന് കാണുകയാണെങ്കിൽ അത് ഭേദഗതി ചെയ്ത് ഭരണസമിതി അംഗീകരിച്ച ശേഷം വെറ്റിംഗ് ഓഫീസറുടെ പരിശോധനക്ക് വിധേയമാക്കേണ്ടതും ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം നേടേണ്ടതുമാണ്. ആയതിനുശേഷം മാത്രമേ നിർവ്വഹണം നടത്താൻ പാടുള്ളൂ എന്ന നിർദ്ദേശം

ഉള്ളതാണ്. 2020-21-ൽ പ്ലാൻ ഫണ്ട് ബാലൻസ് ഇല്ലാതിരിക്കെ 2021-22-ൽ പദ്ധതി സ്പിൽ ഓവർ ആക്കാതെ അടങ്കലിൽ വ്യത്യാസം വരുത്തി പ്ളാൻ ഫണ്ട് ജനറലിൽ നിന്ന് 299200 രൂ ചെലവഴിച്ചു. 2022-23 ലും ഇത്തരത്തിൽ സ്പില് ഓവറാക്കാതെ നിലവിലെ പദ്ധതിയില് നിന്നും തുക നല്കിയിട്ടുണ്ട്.

ശരിയായ ആസൂത്രണം ഇല്ലാതെ ആവശ്യത്തിന് വിഹിതം വകയിരുത്താതെ പദ്ധതികൾ ആവിഷ്കരിക്കുന്നതിനാലാണ് ഇത്തരത്തിൽ പദ്ധതികൾ തയ്യാറാക്കേണ്ടതായി വരുന്നത്. ഭാവിയിൽ ഇത്തരത്തിൽ അപാകത കൂടാതെ പദ്ധതികൾ നടപ്പിലക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നമ്പർ-8/22.2.2023) എൻക്വയിക്ക് മറുപടി ആയി ഭാവിയിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നതണെന്ന് മറുപടി നല്കി.

## 1-23 ഹോമിയോ മരുന്ന് വാങ്ങൽ-നോൺഅവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനു മുമ്പ് മരുന്ന് വാങ്ങി

പദ്ധതി നമ്പർ-16/22

നിർവ്വഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ ഹോമിയോ

ചെലവ് 150000/- വൗച്ചർ നമ്പർ-22101450/22.11.2021

5.2.2022 തീയതി ആയി ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ) പക്കൽ നിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമായിട്ടുണ്ട്. എന്നാൽ ആയതിനു മുമ്പ് തന്നെ മരുന്ന് വാങ്ങലിനായി മേൽ ബിൽ പ്രകാരം തുക പിൻവലിച്ച് ഹോംകോക്ക് നൽകിയിട്ടുണ്ട്. സ.ഉ(കൈ) നം.22/2018/ത.സ്വ.ഭ.വ തീയതി. 14.02.2018 ഖ.7.5.3 പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെ മരുന്ന് വാങ്ങാനോ മരുന്നിന് വേണ്ടി തുക ചെലവഴിക്കാനോ പാടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ആയി (1/20.2.2022) ഭാവിയിൽ ഇത്തരം അപാകതകൾ ഇല്ലാതെ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവുകൾ പാലിക്കാതെ പദ്ധതികൾ നടപ്പിലാക്കുന്നത് ഒഴിവാക്കേണ്ടതാണ്.

## 1-24 ഔഷധിയിൽ നിന്ന് മരുന്ന് വാങ്ങൽ-ഇൻവോയ്സ് തീയതിക്കു ശേഷം നിർമ്മാണത്തീയതി രേഖപ്പെടുത്തിയിരിക്കുന്നു

പദ്ധതി നമ്പർ-16/22

നിർവ്വഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ ആയുർവേദം

വൗച്ചർ നമ്പർ-22101405/25.08.2021

ഔഷധിയിൽ നിന്ന് 2021-22 ൽ മരുന്നുകൾ വാങ്ങിയ ഇൻ വോയ്സുകൾ പരിശോധിച്ചതിൽ ചില മരുന്നുകളുടെ നിർമ്മാണത്തീയതി ഇൻവോയ്സ് തീയതിക്കു ശേഷം രേഖപ്പെടുത്തിയിരിക്കുന്നു. വിശദാംശം താഴെ ചേർക്കുന്നു.

| ഇൻവോയ്സ് നം. / തീയതി | മരുന്നിന്റെ പേര് | നിർമ്മാണത്തീയതി |
|---|---|---|
| 90249224/28.2.2022 | യോഗരാജഗുൽഗുലു | 3/22 |
| | ദൂഷിവിഷഹാരി | 3/22 |
| 90234332/27.11.2022 | ബലാരിഷ്ടം | 12/21 |
| | ചിഞ്ച്യാദി തൈലം | 12/21 |
| | കൊട്ടംചുക്കാദി തൈലം | 12/21 |
| | കർപ്പസസ്ത്യാദി തൈലം | 12/21 |
| 90230043/29.10.2022 | വാശാരിഷ്ടം | 11/21 |
| | ഡാഡിമാദിഘൃതം | 11/21 |

ഔഷധിയുമായി ബന്ധപ്പെട്ട് മേൽ അപാകതക്ക് കാരണം അന്വേഷിച്ച് ഓഡിറ്റിനെ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ആയി (നം2/20.2.23) വിവരങ്ങൾ അന്വേഷിച്ച് അറിയിക്കുന്നതാണെന്ന് മറുപടി നൽകി.

**1-25 ക്യാൻ തൃശ്ശൂർ വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യപത്രം ഇല്ല**

പദ്ധതി നമ്പർ-97/22

നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി

ചെലവ് -100000 രൂ (വൗച്ചർ നമ്പർ – 22101120/09.02.2022)

ക്യാൻ തൃശ്ശൂർ വിഹിതം നൽകൽ പദ്ധതി പ്രകാരം തൃശ്ശൂർ ജില്ലാ പഞ്ചായത്തിന് 100000 രൂ കൈമാറിയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഫയലിൽ ഇല്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

**1-26 പലിയേറ്റീവ് കെയർ മരുന്ന് ലഭ്യമായിട്ടില്ല**

പദ്ധതി നമ്പർ-86/22

നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ എഫ് എച്ച് സി

വൗച്ചർ നമ്പർ- 22101488/7.1.2022-75000/-

പലിയേറ്റീവ് കെയർ മരുന്ന് വാങ്ങലിനായി കേരള മെഡിക്കൽ സർവ്വീസ്സ കോർപ്പറേഷന് കൈമാറിയ 75000 രൂപയിൽ (PF 3682/30.11.21) 1083 രൂപക്കുള്ള മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. ബാക്കി തുകക്കുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

**1-27 കന്നുകുട്ടിപരിപാലനപദ്ധതി-വിനിയോഗിക്കാത്ത തുക തിരികെ ലഭിയ്ക്കാൻ നടപടി സ്വീകരിയ്ക്കേണ്ടതാണ്**

പദ്ധതിനമ്പർ : 18/22
ബിൽ വിശദാംശങ്ങൾ:
I)വൗച്ചർ നം.22101429/19.10.2021-തുക-150000/-

II)വൗച്ചർനം.22101430/19.10.2021-തുക-200000/-

ഈ പദ്ധതിയിൽ തൃശ്ശൂർ എസ്.എൽ.ബി.പിയ്ക്ക് 56 ഗുണഭോക്താക്കൾക്കായി മേൽപ്രകാരം തുക കൈമാറിയിട്ടുണ്ട്.കാലിത്തീറ്റ വിതരണ രജിസ്റ്റർ പ്രകാരം പദ്ധതിയിൽ തുടരാത്ത താഴെ പറയുന്ന ഗുണഭോക്താക്കൾക്കായി നൽകിയതിൽ അവശേഷിയ്ക്കുന്ന വിഹിതം എസ്.എൽ.ബി.പിയിൽ നിന്നും തിരികെ ലഭിയ്ക്കാൻ നടപടി സ്വീകരിയ്ക്കേണ്ടതാണ്.

1.തോമസ് മാളിയേക്കൽ

2.പുഷ്പ മുരളി

3.പ്രതീപ് കുമാർ

4.നാരായണൻ

5.രാജീവ്

6.റപ്പായി

7.റീമ അൽഫോൺസ്.

(ഓഡിറ്റ് എൻക്വയറി നം.12/24.02.2023)

**1-28 ജലനിധി കടിശ്ശിക 11718358/- രൂപ**

2022 മാർച്ച് മാസത്തെ ബിൽ പ്രകാരം ജലനിധിയുടെ വാട്ടർ ചാർജ് കുടിശ്ശിക 11718358/- രൂപയാണ്. നിലവിൽ എത്ര കണക്ഷനുകൾ, ജലനിധിയിൽ ഒരു മാസത്തെ ശരാശരി കളക്ഷൻ എത്ര രൂപയാണ് എന്നിവയുടെ വിവരം ലഭ്യമാക്കേണ്ടതാണ്. വാട്ടർ അതോറിറ്റിയുമായി കരാറിൽ ഏർപ്പെട്ടത് പഞ്ചായത്ത് ആയതിനാലും, വാട്ടർ അതോറിറ്റി ബിൽ അയക്കുന്നത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ ആയതിനാലും കുടിശ്ശിക വന്നാൽ ആയത് പഞ്ചായത്തിന് ബാദ്ധ്യത ആയിത്തീരുന്നതാണ്. ആയതിനാൽ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കാൻ പഞ്ചായത്തിന് എസ്.എൽ.ഇ.സിയോട് ആവശ്യപ്പെടാവുന്നതാണ്. ഇത്തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം, കരാർ വിവരങ്ങൾ എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം .16/ 24.02.2023)

**<u>1-29 വയോജനങ്ങൾക്ക് കട്ടിൽ-ഇൻവോയ്സിൽ ജി.എസ്.ടി തുക രേഖപ്പെടുത്തിയിട്ടില്ല</u>**

പ്രോജക്റ്റ് നമ്പർ – 44/22

നൽകിയ തുക - 182781

വൗച്ചർനമ്പർ – 22101579/10.03.2022 (നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി. സെക്രട്ടറി)
കട്ടിൽ വിതരണം ചെയ്ത സ്ഥാപനം – കീർത്തി ഫർണ്ണിച്ചർ,എടവിലങ്ങ്.

ജി.എസ്.ടി നമ്പർ ഉള്ള ഇൻവോയ്സിൽ ജി.എസ്.ടി തുക രേഖപ്പെടുത്താതെയാണ് വിതരണക്കാരൻ ഇൻവോയ്സ് ഹാജരാക്കിയിരിയ്ക്കുന്നത്. വിതരണക്കാർ നൽകുന്ന ഇൻവോയ്സുകൾ ശരിയായ രീതിയിൽ ഉള്ളവയാണെന്ന് നിർവ്വണോദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതാണ്.
ഇക്കാര്യത്തിൽ നൽകിയ 9/23.02.23 ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയിട്ടില്ല.

**<u>1-30 എസ്.സി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ്-അപാകതകൾ</u>**

അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ ഈ പ്രോജക്റ്റിൽ താഴെപറയും വിധം ചെലവുണ്ട്
പ്രോജക്റ്റ് നമ്പർ -70/22

നൽകിയ തുക

22101425/11.10.2021-400000

22101548/23.02.2022-100000

(വികസനഫണ്ട്.എസ്.സി.പി)
ഈപ്രോജക്റ്റുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു

**I.** സർക്കാർ ഉത്തരവ് (കൈ) നം.22/2018/തസ്വഭവ/14.02.2018 ഖണ്ഡിക 7.2.5 പ്രകാരം സർക്കാർ അംഗീകൃത റഗുലർ കോഴ്സുകൾ പഠിക്കുന്നവർക്കാണ് മെറിറ്റോറിയസ് സ്കോളർഷിപ്പ് അനുവദിയ്ക്കേണ്ടത്. താഴെപറയുന്ന സ്വകാര്യ കോളേജ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്.

ആതിര കെ. കെ- 30000-കൊടുങ്ങല്ലൂർ കോപറേറ്റീവ് കോളേജ്

അനിഷ്മ ഇ. എസ്-20000-കൊടുങ്ങല്ലൂർ കോപറേറ്റീവ് കോളേജ്
മെറിറ്റോറിയസ് സ്കോളർഷിപ്പ് റെഗുലർകോഴ്സിൽ പഠിക്കുന്നവർക്ക് മാത്രം അനുവദിയ്ക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

II. പോളിടെക്നിക്ക് കോളേജ് വിദ്യാർത്ഥിയ്ക്ക് 20000 രൂപ സ്കോളർഷിപ്പ് നൽകുന്നതിനുപകരം 25000 രൂപ നൽകി

തുക ലഭിച്ചത്- ആദർശ് ഇ. എ – 25000-എസ്.എൻ.എം.പോളിടെക്നിക്ക് കോളേജ്, മാല്യങ്കര. ഡിപ്ലോമ വിദ്യാർത്ഥിയ്ക്ക് അധികം നൽകിയ 5000 രൂപ നിരാകരിയ്ക്കുന്നു

ഇക്കാര്യത്തിൽ നൽകിയ 9/23.02.2023 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല.

**<u>1-31 വിശപ്പ് രഹിത കേരളം ജനകീയ ഹോട്ടൽ-ബില്ല് ഹാജരാക്കാതെ വൈദ്യുതിചാർജിനത്തിൽ തുക അനുവദിച്ചു</u>**

അസിസ്റ്റ് സെക്രട്ടറി നടപ്പാക്കിയ വിശപ്പ് രഹിത കേരളം എന്ന പദ്ധതിയിൽ കുടുംബശ്രീ നടത്തിവരുന്ന ജനകീയ ഹോട്ടലിന്റെ വാടക ഇനത്തിലും, വൈദ്യുതി ചാർജിനത്തിലും കെട്ടിട ഉടമ ശ്രീ. സാബു കൈതാരന് കരാർപ്രകാരം തുക അനുവദിക്കുന്നുണ്ട്.

പ്രോജക്റ്റ് നമ്പർ 32/2022

വൈദ്യുതി ചാർജിനത്തിൽ 7244 രൂപ അനുവദിച്ചിട്ടുണ്ടെങ്കിലും (22101571/08.03.2022- 67244-വികസനഫണ്ട് പൊതുവിഭാഗം), കെ.എസ്.ഇ.ബി-യിൽ നിന്നുള്ള ബില്ലും തുക അടവാക്കിയ രസീതും ഹാജരാക്കിയിട്ടില്ല. ഇക്കാര്യത്തിൽ നൽകിയ 09/23.02.2023 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 7244 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

**<u>1-32 വീട്ട് വളപ്പിൽ കുളങ്ങളിലെ മത്സ്യക്കൃഷി പദ്ധതി-സബ്സിഡി അനുവദിയ്ക്കുന്നതിന് ആധാരമായ ചെലവുകളുടെ കൃത്യത ഉറപ്പ് വരുത്തിയിട്ടില്ല</u>**

ഫിഷറീസ് ഇൻസ്പെക്റ്റർ നടപ്പാക്കിയ വീട്ട് വളപ്പിൽ കുളങ്ങളിലെ മത്സ്യക്കൃഷി എന്ന 76/2022 നമ്പർ പ്രോജക്റ്റിൽ ഗുണഭോക്താക്കൾക്ക് കുളം നിർമ്മിയ്ക്കുന്നതിനും ഓപറേഷനൽ കോസ്റ്റിനത്തിലുമായി സബ്സിഡി അനുവദിച്ചിട്ടുണ്ട്. 123000 രൂപ യൂണിറ്റ് കോസ്റ്റ് വരുന്ന പദ്ധതിയിൽ യൂണിറ്റിന് 32800 എന്ന നിരക്കിൽ പരമാവധി 4 യൂണിറ്റിന് വരെ സബ്സിഡി അനുവദിയ്ക്കാവുന്നതാണ്. ഗുണഭോക്താക്കൾ ചെലവഴിയ്ക്കുന്ന രേഖകളുടെ കൃത്യത പരിശോധിച്ചാണ് സബ്സിഡി അനുവദിയ്ക്കേണ്ടത്.

ഗുണഭോക്തൃ ഫയൽ പരിശോധിച്ചതിൽ നിന്നും പ്രോജക്റ്റിനായി സാധനസാമഗ്രികൾ വാങ്ങിയ വകയിൽ ബില്ലുകൾ ഹാജരാക്കുന്നതിനു പകരം ചില വാങ്ങലുകളിൽ വൗച്ചറുകൾ മാത്രമാണ് ഹാജരാക്കിയിരിയ്ക്കുന്നത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

കുളം നിർമ്മിക്കാനാവശ്യമായ സാമഗ്രികൾ വാങ്ങിയതിന് ബില്ലുകൾക്ക് പകരം വൗച്ചറുകൾ ഹാജരാക്കിയിരിക്കുന്നു

| ഗുണഭോക്താവ് | സബ്സിഡി തുക | ബില്ലുകൾക്കു പകരം വൗച്ചറുകൾ ഹാജരാക്കിയവ | റിമാർക്സ് |
|---|---|---|---|
| സൗമ്യ ബിജു | 22101529/09.02.2022 -54980 രൂപ<br>22101558/04.03.2022 -10620 രൂപ<br>ആകെ-65600 | ഫ്ലക്സ് ഷീറ്റ് വാങ്ങിയ വകയിൽ 05/10/2021ന്- 4800<br>തിരിച്ചാക്ക് വാങ്ങിയ വകയിൽ, 05/10/2021 ന്- 4200<br>തിരിച്ചാക്ക് വാങ്ങിയ വകയിൽ, 15/10/2021ന്- 4800 | കുളം നിർമ്മാണത്തിനായി ആകെ ചെലവഴിച്ച 160445 തുകയിൽ 4800+4200+ 4800=13800 രൂപയ്ക്ക് വൗച്ചറുകൾ മാത്രമാണുള്ളത്. |

പ്രോജക്റ്റിനായി സാധനസാമഗ്രികൾ വാങ്ങുമ്പോൾ ലഭിയ്ക്കുന്ന ബില്ലുകൾക്കുപകരം വൗച്ചറുകളെ അടിസ്ഥാനമാക്കി സബ്സിഡി അനുവദിയ്ക്കുന്നത് അനർഹമായ സബ്സിഡി തുക ലഭിയ്ക്കുവാൻ ഇടയാക്കുന്നു. ഈ അപാകത ഒഴിവാക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നമ്പർ-10/23.02.2023).

## 1-33 ക്യാഷ് ബുക്ക് എഴുതിയിട്ടില്ല

കേരള ട്രഷറി കോഡ് ചട്ടം 92 എ) I, Ii എന്നിവ പ്രകാരം പൊതു പണം കൈകാര്യം ചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥരും ടി.ആർ 7 എ കാഷ്ബുക്കിൽ വരവു ചെലവു വിവരങ്ങൾ എഴുതി സൂക്ഷിക്കേണ്ടതാണ്.

ഓഡിറ്റ് കാലയളവിൽ ഫിഷറീസ് സബ്ഇൻസ്പെക്ടർ ക്യാഷ്ബുക്ക് എഴുതിയിട്ടില്ല. ക്യാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതും ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ് (ഓഡിറ്റ് എൻക്വയറി നമ്പർ-10/23.02.2023).

## 1-34 കമ്പ്യൂട്ടറുകൾ വാങ്ങൽ -അപാകതകൾ

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി താഴെപറയുന്ന രണ്ട് പ്രോജക്റ്റുകളിൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്.

**1.** നിർവ്വഹണോദ്യോഗസ്ഥൻമാർക്ക് കമ്പ്യൂട്ടർ വാങ്ങൽ

**പ്രോജക്റ്റ് നമ്പർ 55/2022**

22101386/01.07.2021-119391

22101387/01.07.2021-20018

ആകെ-139409 രൂപ

ഈ പ്രോജക്റ്റിൽ ഫിഷറീസ് സബ് ഇൻസ്പെക്ടർ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ, ആയുർവ്വേദ മെഡിക്കൽ ഓഫീസർ എന്നിവർക്ക് നൽകുന്നതിനായി മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് ഫണ്ട് ഉപയോഗിച്ച് 3 ഡെസ്ക്ടോപ്പുകളും ഒരു മൾടിഫംഗ്ഷൻ പ്രിന്ററും കെൽട്രോണിൽ നിന്ന് വാങ്ങുന്നതിന് തുക ചെലവഴിച്ചിട്ടുണ്ട്.

മേൽപറഞ്ഞ ഉദ്യോഗസ്ഥർ ഈ ഉപകരണങ്ങൾ ആവശ്യപ്പെട്ടതിന്റെ രേഖകൾ, കെൽട്രോണിൽ നിന്ന് ഉപകരണങ്ങൾ ലഭ്യമാക്കിയതിന്റെ ടാക്സ് ഇൻവോയ്സ്, സ്റ്റോക്ക് സർട്ടിഫിക്കറ്റ്, ഉപകരണങ്ങൾ നിർവഹണോദ്യോഗസ്ഥൻമാർ കൈപ്പറ്റിയതിന്റെ രേഖകൾ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

**<u>2.കമ്പ്യൂട്ടർ വാങ്ങൽ</u>**

**പ്രോജക്റ്റ് നമ്പർ 47/2022**

01.07.2021-79594

01.07.2021-60054

10.01.2022-96949
ആകെ – 236597 രൂപ

ഫണ്ട് – വികസനഫണ്ട് പൊതുവിഭാഗം

ഈ പ്രോജക്റ്റിൽ സ്കാനർ, ഡെസ്ക്ടോപ്, പ്രിന്റർ എന്നിവ കെൽട്രോണിൽ നിന്ന് വാങ്ങുന്നതിന് തുക ചെലവഴിച്ചിട്ടുണ്ട്. കെൽട്രോണിൽ നിന്ന് ഉപകരണങ്ങൾ ലഭ്യമാക്കിയതിന്റെ ടാക്സ് ഇൻവോയ്സ്, സ്റ്റോക്ക് സർട്ടിഫിക്കറ്റ് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.
ഈ അപാകതകൾ 18/25.02.2023 നമ്പർ ഓഡിറ്റ് എൻക്വയറിയിലൂടെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും മറുപടി ലഭിച്ചില്ല. രേഖകൾ ഹാജരാക്കുന്നതുവരെ 376006 രൂപ തടസ്സപ്പെടുത്തുന്നു.

## <u>1-35 ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണം</u>

സെക്രട്ടറി നടപ്പാക്കിയ ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണം എന്ന പ്രോജക്റ്റിൽ താഴെപറയും വിധം ചെലവുണ്ട്.

പ്രോജക്റ്റ് നമ്പർ 05/2022

22100067/30.04.2021-127650
22100538/06.09.2021-105450
22100539/06.09.2021-31450
22100889/29.11.2021-5550
ആകെ – 270100
ഫണ്ട് – തനത് ഫണ്ട്

ഈ പദ്ധതിയിൽ കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവ് (സാധാ) നം. 446/2021/ ത.സ്വ.ഭ.വ തിയതി15.02.2021 ൽ നിഷ്കർഷിക്കും വിധം ജി.പി.എസ് സംവിധാനം ഉപയോഗിച്ച് മോണിറ്ററിംഗ് നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.ഇക്കാര്യത്തിൽ നൽകിയ 18/25.02.2023 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകുകയോ രേഖകൾ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ജിപി.എസ് മോണിറ്ററിംഗിന്റെ അഭാവത്തിൽ പ്രവൃത്തിമൂല്യം ഉറപ്പ് വരുത്തിയിട്ടില്ല എന്ന് വ്യക്തമാണ്. അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്. ജി.പി.എസ് ട്രാക്ക് റെക്കോഡ് ഇല്ലാതെ കുടിവെള്ള വിതരണം നടത്തിയതിന് സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്. ചെലവ് തുകയായ 270100 രൂപ തടസ്സപ്പെടുന്നു.

## <u>1-36 സെക്രട്ടറി നടപ്പാക്കിയ പ്രോജക്റ്റുകൾ -വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്</u>

സെക്രട്ടറി നടപ്പാക്കിയ താഴെപറയുന്ന പ്രോജക്റ്റുകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നമ്പർ | പ്രോജക്റ്റ് | ചെലവഴിച്ച തുക | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാനുള്ളതിന്റെ വിവരം |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| 1 | SSKവിഹിതം കൈമാറൽ<br>പ്രോജക്റ്റ് നമ്പർ 01/2022 | 22101413/30.09.2021<br>150000 രൂപ<br>ഫണ്ട് -<br>വികസനഫണ്ട്<br>പൊതുവിഭാഗം | SSK സ്റ്റേറ്റ് പ്രോജക്റ്റ് ഡയറക്ടർക്ക് കൈമാറിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |
| 2 | ഇലക്ട്രിക്ക് പോസ്റ്റ് സ്ഥാപിച്ച സ്ട്രീറ്റ് മെയിൻ വലിക്കൽ<br>പ്രോജക്റ്റ് നമ്പർ 107/2022 | XVFC/21-22/<br>P/5/16.02.2022<br>417790 രൂപ<br>XVFC/21-22/<br>P/6/09.03.2022<br>1310567 രൂപ<br>XVFC/21-22/<br>P/6/09.03.2022<br>269984 രൂപ<br>ഫണ്ട് -<br>ധനകാര്യകമ്മീഷൻ ഗ്രാന്റ് | KSEBയ്ക്ക് കൈമാറിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |
| 3 | പൊയ്യ ഗ്രാമപഞ്ചായത്തിൽ കുടിവെള്ള ക്ഷാമം പരിഹരിയ്ക്കുന്നതിനുള്ള പ്രോജക്റ്റ്<br>പ്രോജക്റ്റ് നമ്പർ 187/2022 | XVFC/21-22/<br>P/1624.03.2022<br>1630000 രൂപ<br>ഫണ്ട് -<br>ധനകാര്യകമ്മീഷൻ ഗ്രാന്റ് | KWAയ്ക്ക് കൈമാറിയ തുകയിൽ 763484രൂപയുടെ വിനിയോഗസാക്ഷ്യപത്രം മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്, 866516 വിനിയോഗസാക്ഷ്യപത്രം ലഭിയ്ക്കാനുണ്ട് |
| 4 | പി.എം.എ.വൈ(ജി) വിഹിതം നൽകൽ<br>പ്രോജക്റ്റ് നമ്പർ 162/2022 | 22101547/23.02.2022<br>70000 രൂപ<br>ഫണ്ട് -<br>വികസനഫണ്ട്<br>പൊതുവിഭാഗം | മാള ബി.ഡി.ഒ.യ്ക്ക് കൈമാറിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |
| 5 | ഹാപ്പിനഗർ റോഡ് - ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ<br>പ്രോജക്റ്റ് നമ്പർ 116/2022 | 22101119/05.02.202<br>-257591 രൂപ<br>22101158/21.02.2022<br>-354 രൂപ<br>ഫണ്ട് -തനത് ഫണ്ട് | KSEBയ്ക്ക് കൈമാറിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. |

ഓഡിറ്റ് എൻക്വയറി നമ്പർ 18/25.02.2023

**1-37 തൊഴിലുറപ്പ് പദ്ധതി ഏറ്റെടുക്കുന്ന പദ്ധതികൾ ഗ്രാമീണ മേഖലയിലെ അവിദഗ്ധ തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നതാണെന്ന് ഉറപ്പു വരുത്തേണ്ടതാണ്**

2021-22-ൽ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ ഏറ്റെടുത്ത മിനി എം.സി.എഫ് നിർമ്മാണം വിവിധ വാർഡുകളിൽ എന്ന പദ്ധതികളുടെ ഫയൽ പരിശോധിച്ചതിൽ ഗ്രാമീണ മേഖലയിലെ അവിദഗ്ധ തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പു വരുത്തുന്നതിൽ മേൽ പദ്ധതികൾ പരാജയപ്പെടുന്നതായി കണ്ടു. വിശദാംശം താഴെ ചേർക്കുന്നു.

**1.** ചെന്തുരുത്തി പ്രദേശത്ത് മിനി എം.സി.എഫ് നിർമ്മാണം

AS-2(1) 18.9.2020

TS-148/2021-22/PLTC/MGNRGS/POYYA/26.3.21

കരാറുകാരൻ- നൂർമിദ

Mb-5/21-22

ആകെ ചെലവ് 52620 രൂ ആയി നിർമ്മാണം പൂർത്തീകരിച്ച മേൽ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ഒരു അവിദഗ്ധ തൊഴിലാളിക്ക് മാത്രമേ ഈ പദ്ധതിയിൻ കീഴിൽ വേതനം നൽകിയിട്ടുള്ളൂ എന്ന് കണ്ടു.

**2.** കൃഷ്ണൻകോട്ട പ്രദേശത്ത് മിനി എം.സി.എഫ് നിർമ്മാണം

AS-2(1) 18.9.2020

TS-151/2021-22/PLTC/MGNRGS/POYYA/26.3.21

കരാറുകാരൻ- നൂർമിദ

Mb-205/20-21

ആകെ ചെലവ് 52330 രൂ ആയി നിർമ്മാണം പൂർത്തീകരിച്ച മേൽ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിലും ഒരു അവിദഗ്ധ തൊഴിലാളിക്ക് മാത്രമേ ഈ പദ്ധതിയിൻ കീഴിൽ വേതനം നൽകിയിട്ടുള്ളൂ. ഇത്തരത്തിലുള്ള പദ്ധതികൾ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ ഏറ്റെടുക്കുന്നതിലൂടെ പദ്ധതിയുടെ ലക്ഷ്യം സാക്ഷാത്കരിക്കപ്പെടുന്നില്ല. പഞ്ചായത്തിന് ആസ്തി സൃഷ്ടിക്കുന്നതിനൊപ്പം അവിദഗ്ധ തൊഴിലാളികൾക്ക് വേതനം നൽകാൻ ഉതകുന്ന തരത്തിലുള്ള പദ്ധതികൾ ഏറ്റടുക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

### 1-38 ടേക്ക് എ.ബ്രേക്ക് കെട്ടിടം-നെയിം ബോർഡുകൾ ഇല്ല. കെട്ടിടം ശ്രദ്ധിക്കപ്പെടാത്ത നിലയിൽ

പദ്ധതി നമ്പർ – 152 /22

നിർവ്വഹണ ഉദ്യോഗസ്ഥ - അസി.എൻജിനീയർ

പൊയ്യ ജംഗ്ഷനിൽ സാംസ്കാരിക നിലയത്തിന്റെ പുറകു വശത്തായാണ് പഞ്ചായത്ത് ടേക്ക് എ ബ്രേക്ക് കെട്ടിടം പണി തീർത്തിരിക്കുന്നത്. 25.2.23-ൽ ഓഡിറ്റ് ടീം നടത്തിയ പ്രാദേശിക പരിശോധനയിൽ പ്രത്യേക നെയിം ബോർഡുകൾ റോഡിൽ സ്ഥാപിക്കാത്തതിനാൽ കെട്ടിടം യാത്രക്കാരുടെ ശ്രദ്ധ കിട്ടാത്ത അവസ്ഥയിലാണ് എന്ന് കണ്ടു. ആവശ്യമായ നെയിം ബോർഡുകൾ സ്ഥാപിച്ച് കെട്ടിടം യാത്രക്കാർ ഉപയോഗപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

മേൽ കെട്ടിടത്തോട് ചേർന്ന് പഞ്ചായത്ത് വക ആയുർവേദ സബ്സെന്ററർ കെട്ടിടം ഉപയോഗിക്കാത്ത നിലയിലാണ്. പഞ്ചായത്തിന്റെ ആസ്തികൾ ഉപയോഗപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| | നിർവ്വഹണ | പ്രവൃത്തിയുടെ | മുൻകൂർ | ചെലവഴിച്ച | ചെലവഴിക്കാൻ |
|---|---|---|---|---|---|

| ഏജൻസി | പേര് | നൽകിയ തുക | തുക | ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ ഇലക്ട്രിക്ക് പോസ്റ്റ് സ്ഥാപിക്കൽ, 107/22 | 1998341/- | 0 | 1998341/- |
| | വാർഡ് 8 ഹാപ്പി നഗർ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ, 116/22 | 257591/- | 0 | 257591/- |
| വാട്ടർ അതോറിറ്റി | കുടിവെള്ള പദ്ധതി, 187/22 | 1630000/- | 0 | 1630000/- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ കെ.യു.ആർ ഡി.എഫ്.സി ലോൺ | GO(Ms)No.68/18/ LSGD/18.05.2018 | 6010000 | 4895333 | 953333 | 0 | 3942000 |

## 4-5 സ്ഥിരനിക്ഷേപം

| | | | |
|---|---|---|---|
| 1 | വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 6270460 | |
| 2 | തൻവർഷം നിക്ഷേപിച്ച തുക | 0 | |
| 3 | പലിശ | 423260 | |
| 4 | ആകെ | 6693720 | |
| 5 | തന്നാണ്ടിൽ പിൻവലിച്ച തുക | 0 | |
| 6 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 6693720 | |
| 7 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിവരം | ബാങ്കിന്റെ പേര് | തുക |
| | | കേരളാ ബാങ്ക്, മാള ബ്രാഞ്ച്, A/C.No.80011588345, 414, 425, 436, 458, 481, 538, 550, 561, 583 | 6693720 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമായത് താഴെ കൊടുക്കുന്നു.

| ക്രമ നം. | ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ (ലഭ്യമാക്കിയ മറുപടി) |
|---|---|---|---|---|---|---|
| 2 | 2013-2014 | 2-2 | ലഭ്യമാക്കിയില്ല | | തൊഴിൽ നികുതി സംബന്ധിച്ച അപാകതകൾ | പരാമർശ പ്രകാരമുള്ള മുഴുവൻ തൊഴിൽ നികുതിയും ഈടാക്കിയിട്ടുണ്ട്. |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ലഭ്യമല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 76378170.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 78111088.00 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം | 5000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 729850 |

**(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | വരവ് നഷ്ടം | ചെലവ് നഷ്ടം | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 1-31 | | 5000 | പി. കെ സുജൻ, അസി. സെക്രട്ടറി |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 14000 | ഡോ. ബോബിൻ പോൾ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| 1-20 | 12500 | സുമ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-30 | 50000 | പി.കെ സുജൻ, അസി.സെക്രട്ടറി |
| 1-31 | 7244 | പി.കെ സുജൻ, അസി.സെക്രട്ടറി |
| 1-34 | 376006 | അനിത കെ.സി, സെക്രട്ടറി |
| 1-35 | 270100 | അനിത കെ.സി, സെക്രട്ടറി |
| **ആകെ** | 729850 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല.

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല.

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അനിത കെ.സി | സെക്രട്ടറി | തീരം, കരുമാലൂർ പി. ഒ, എറണാകുളം |
| സുജൻ പി. കെ | അസിസ്റ്റന്റ് സെക്രട്ടറി, വെള്ളാങ്കല്ലൂർ ഗ്രമപഞ്ചായത്ത് | പ്ലാവുങ്ങൽ വീട്, പൂപ്പത്തി.പി.ഒ |
| ഡോ. ബോബിൻ പോൾ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, പൊയ്യ | കാരുണ്യം, കല്ലൂർ പി. ഒ, തൃശ്ശൂർ –080317 |
| സുമ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | കുരുമ്പയിൽ വീട്, പുല്ലൂർ, കുറവൻകാട് |
| ഫ്രാൻസി സി. ടി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ചിറയ്ക്കൽ മണവാളൻ വീട്, ആറ്റുപുറം, അയിരൂർ പി. ഒ, എറണാകുളം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷി-ക്കുന്ന ഖണ്ഡികളുടെ ആകെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്സ് (CAR/CASE/ CH/SCH) |
|---|---|---|---|---|---|
| 1 | 1997-98 ചെലവ് | LFT.13-84/99 Dt.14.5.99 | 5 | 9,10,13,15,16 | |
| 2 | 1998-99 വരവ് | LFT.13-1275/01 Dt.31.12.01 | 1 | 23(1) | |
| 3 | 1998-99 ചെലവ് | LFT.13-50/2000 Dt.16.6.2000/ 30.09.2000 | 5 | 11,16,22,23, 25 | 11 SCH 22,23 SCH 25 SCH |
| 4 | 1999-2000 | LFT.13-1820/02 Dt.28.08.02/ 01.10.02 | 7 | 43,48,49, 51(1),52,53, 54 | 43 SCH |
| 5 | 2000-01 | LFT.13-1514/02 Dt.05.02.03/ 05.06.03 | 5 | 34,40,44,53,54 | 34 SCH 40 SCH 53 SCH |
| 6 | 2000-01 To 2001-02 ജനകീയാ-സൂത്രണം | LFT.13-1371/03 Dt.07.01.04/ 6.5.04 | 7 | 3(1,2,3),4, 5(എ),ബി), 6,7,8,9 | |
| 7 | 2001-02 | LFT.13-1436/05 Dt.17.1.06/ 11.8.06 | 1 | 3-7 | |
| 8 | 2002-03 | LFT.13-848/06 Dt.13.09.06/ 6.06.07 | 1 | 3-10 | |

| | | | | | |
|---|---|---|---|---|---|
| 9 | 2004-05 | LFT.13-1982/08 Dt.21.12.09/ 06.02.10 | 1 | 3-5 | 3-5 CAR |
| 10 | 2005-06 | LFT.13-422/10 Dt.16.09.10 | 2 | 3-2എ) , 3-2 (ബി)(1) | |
| 11 | 2006-07 | LFT.13-410/10 Dt.16.09.10 | 5 | 1(2), 3-5, 3-6എ)(1,2), 3-9,3-10 | |
| 12 | 2007-08 | LFT.P4-2110/11 Dt.3.7.12/8.8.12 | 1 | 3-2(3) | |
| 13 | 2009-10 | LFT.P4-2112/11 Dt.3.7.12/8.8.12 | 4 | 3-10,3-12, 3-13,3-17 | 3-13 CAR |
| 14 | 2011-12 | LFT.13-1810/12 Dt.10.1.13/3.4.13 | 3 | 3-1(4), 3-11(1,2,5,6), 3-15 | 3-11(1,2,5,6)-CAR |
| 15 | 2012-13 | LFT.P4-1752/14 Dt.2.2.15/11.5.15 | 1 | 3-3 | |
| 16 | 2013-14 | KSATSR.P4-922/13 Dt.26.10.15 | 3 | 2-1, 3-7, 3-1 | |
| 17 | 2014-15 | KSATSR.P4-1150/16 Dt.21.7.16 | 4 | 2-1,2-4, 3-9,3-11 | 2-4 CAR |
| 18 | 2015-16 | KSATSR.P4-2147/16 Dt.25.1.17 | 9 | 2-2,2-3, 2-4,3-17, 3-20,3-28, 3-31,3-35, 3-36 | 2-3 CAR 2-4 CAR |
| 19 | 2016-17 | KSATSR.P4-1257/17 Dt.28.07.17 | 7 | 2-4, 2-5,2-7, 3-6,3-8, 3-14,3-19 | 2-4 CAR 2-7 CAR |
| 20 | 2017-18 | KSATSR.P4-362/19 Dt.11.06.19 | 11 | 1-12,2-10, 3-2,3-5, 3-7,3-8,3-10, 3-11,3-12, 3-15,3-19 | |
| 21 | 2018-19 | KSATSR.P4-1783/19 Dt.07.02.2020 | 22 | 1-12, 1-14, 1-15, 1-16, 1-17, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-26, 1-27, 1-28, 1-29, 1-30, 1-31, 1-33, 1-34, 1-36, 4-7, 4-10 | |
| 22 | 2019-20 | KSATSR.P12-964/22 Dt.01.07.2022 | 49 | 1-10, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-26, 1-27, 1-28, 1-29, 1-30, 1-31, 1-32, 1-33, 1-34, 1-35, 1-36, 1-37, 1-38, 1-39, 1-40, 1-41, 1-42, 1-43, 1-44, 1-45, | |

| | | | | | |
|---|---|---|---|---|---|
| | | | | 1-46, 1-47, 1-48, 1-49, 1-50, 1-51, 1-52, 1-53, 1-54, 1-55, 1-56, 4-7, 4-10 | |
| | 2020-21 | KSATSR.P12-1173/22 Dt.30.07.2022 | 49 | 1-10, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-26, 1-27, 1-28, 1-29, 1-30, 1-31, 1-32, 1-33, 1-34, 1-35, 1-36, 1-37, 1-38, 1-39, 1-40, 1-41, 1-42, 1-43, 1-44, 1-45, 1-46, 1-47, 1-48, 1-49, 1-50, 1-51, 1-52, 1-53, 1-54, 1-55, 1-56,3-1, 4-7, 4-10 | |
| | **ആകെ** | | **203** | | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശൂർ ജില്ലയിലെ പൊയ്യ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശൂർ ജില്ലയിലെ പൊയ്യ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്